ഉത്തരം

(എ) 23,55,799 രൂപ 41 പൈസ (ഇരുപത്തിമൂന്നു ലക്ഷത്തി അമ്പത്തഞ്ചായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒമ്പതു രൂപ നാൽപ്പത്തി ഒന്നു പൈസ)

(ബി) 16,26,131 രൂപ (പതിനാറു ലക്ഷത്തി ഇരുപത്താറായിരത്തി നൂറ്റി മുപ്പത്തി ഒന്നു രൂപ)

ട്രാൻസ്പോർട്ട് സബ് ഡിപ്പോ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

292 [319] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് സബ് ഡിപ്പോ അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) ഇതിൽനിന്നും കുട്ടനാട്ടു പ്രദേശത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കുട്ടനാട്ടിൽ നെടുമുടി, എടത്വാ എന്നീ സ്ഥലങ്ങളിൽ ട്രാൻസ്പോർട്ട് സ്റ്റേഷനും സബ് ഡിപ്പോയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സബ് ഡിപ്പോ വേണമെന്ന് ആവശ്യപ്പെടുന്ന സ്ഥലത്തെ സ്വയംഭരണ സ്ഥാപനങ്ങളോ മറ്റു സാമൂഹ്യ സംഘടനകളോ സബ് ഡിപ്പോ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലത്ത് അഞ്ച് ഏക്കർ സ്ഥലവും കെ. എസ്. ആർ. ടി. സി. അംഗീകരിച്ച രൂപകല്പനയോടുകൂടിയ ഓഫീസ് കെട്ടിടങ്ങളും 3 ഗ്യാരേജും സൗജന്യമായി നിർമ്മിച്ചു കൊടുക്കുവാൻ സമ്മതിച്ചിരിക്കണം.

(ബി) ഇല്ല.

(സി) കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം എടത്വായിലും നെടുമുടിയിലും ട്രാൻസ്പോർട്ട് സ്റ്റേഷനും സബ് ഡിപ്പോയും സ്ഥാപിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

കിളിമാനൂർ ബസ് സ്റ്റേഷന്റെ പണി

293 [320] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബസ് സ്റ്റേഷന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) ബസ് സ്റ്റേഷന്റെ പണി ഇനിയും പൂർത്തീകരിക്കാത്തതിൽ പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ ബസ് സ്റ്റേഷന്റെ പണി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കിളിമാനൂർ സബ് സ്റ്റേഷനിൽനിന്നും ഇപ്പോൾ ഓപ്പറേറുചെയ്യുന്ന ഷെഡ്യൂളുകൾ അപര്യാപ്തമായതിനാൽ കൂടുതൽ ഷെഡ്യൂളുകൾ അവിടെ അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 3-8-1983-ൽ പണി ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) സിമൻറു കിട്ടുന്നതിന് കാലതാമസം നേരിടുന്നതു കൊണ്ട് താൽക്കാലികാടിസ്ഥാനത്തിൽ കോൺട്രാക്ടർ സ്വന്തമായി സിമൻറുവാങ്ങി എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കുവാൻ 18-6-86-ൽ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വാഹനങ്ങളുടെ ദൗർലഭ്യംമൂലം തൽക്കാലം കൂടുതൽ ഷെഡ്യൂളുകൾ അനുവദിക്കുവാൻ നിർവ്വാഹമില്ല.

വടക്കഞ്ചേരി ഓപ്പറേഷൻ സെൻററിൽനിന്നും ഓപ്പറേറു ചെയ്യുന്ന ഷെഡ്യൂളുകൾ

294 [321] ശ്രീ സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ വടക്കഞ്ചേരി ഓപ്പറേഷൻ സെൻററിൽ ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഇവിടെ ഇപ്പോൾ സർവ്വീസ് നടത്തുന്ന റൂട്ടുകളുടെ പേരും ജീവനക്കാരുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) 1985 ജൂൺ 30 മുതൽ 1986 മേയ് 30 വരെ വടക്കഞ്ചേരി ഓപ്പറേഷൻ സെൻററിൻെറ കീഴിൽ സർവ്വീസ് നടത്തുന്ന ഓരോ റൂട്ടിലും എത്ര ദിവസംവീതം സർവ്വീസ് മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടുത്തെ ഓപ്പറേഷൻ സെൻററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പണി ആരംഭിക്കും?

ഉത്തരം

(എ) 4 ഫാസ്റ്റ് പാസഞ്ചറും, 9 ഓർഡിനറിയും ഉൾപ്പെടെ 13 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ബി) 1 വടക്കഞ്ചേരി—തിരുവനന്തപുരം ലിമിറഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ.

2. വടക്കഞ്ചേരി — കോട്ടയം (ഫാസ്റ്റ് പാസഞ്ചർ)
3. ,, — ആനകല്ലി(,,)
4. ,, — പെരിന്തൽമണ്ണ (,,)
5. ,, — ചിറ്റൂർ (ഓർഡിനറി)

LIBRARY ARCHIVES Kerala Legislative Assembly